**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വ മിഷൻ - സംസ്ഥാനത്ത് (കോഴിക്കോട് ജില്ലയിൽ) അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് Thalir Zero Waste Solutions LLP എന്ന സ്വകാര്യ ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 13.03.2024-ൽ ചേർന്ന യോഗ തീരുമാനം.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.03.2024 തീയതിയിലെ 944/C2/2024/SM നം. നടപടിക്രമം.
3. കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട്.

നമ്പർ: SM/1893/2025-C4 തീയതി: 14-10-2025

**ഉത്തരവ്**

സംസ്ഥാനത്ത് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികളെ എംപാനൽ ചെയ്യുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശിച്ചിരുന്നു. പരാമർശം (1) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ മിഷനുകളിൽ നിന്നും ലഭ്യമാക്കുന്ന റിപ്പോർട്ട് പരിശോധിച്ച് വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഏജൻസികളുടെ പ്രവർത്തനം സംബന്ധിച്ച് കരാർ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഏജൻസികളെ എംപാനൽമെന്റിനായി പരിഗണിക്കാവുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്. Thalir Zero Waste Solutions LLP എന്ന സ്ഥാപനത്തിന് വയനാട് ജില്ലയിൽ അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിലേയ്ക്ക് പരാമർശം (2) പ്രകാരം അംഗീകാരം നൽകിയിരിന്നു. നിലവിൽ പ്രസ്തുത സ്ഥാപനം കോഴിക്കോട് ജില്ലയിൽ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിൽ അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന Thalir Zero Waste Solutions LLP എന്ന ഏജൻസിയുടെ ഗോഡൗൺ സൗകര്യം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ഫോർവേർഡ് ലിങ്കേജ്, സിമന്റ് ഫാക്ടറികളുമായുള്ള കരാർ ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത എന്നിവ പരിശോധിച്ച് പരാമർശം (3) പ്രകാരം കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിരിന്നു.

മേൽ സാഹചര്യത്തിൽ ശുചിത്വ മിഷൻ നിർദ്ദേശിച്ച പ്രകാരം Thalir Zero Waste Solutions LLP എന്ന ഏജൻസി രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള Thalir Zero Waste Solutions LLP എന്ന ഏജൻസിക്ക് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ശുചിത്വ മിഷന്റെ

അംഗീകൃത സേവനദാതാവായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി വയനാട് ജില്ലയ്ക്ക് പുറമെ കോഴിക്കോട് ജില്ലയിൽ കൂടി പ്രവർത്തിക്കുന്നതിന് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Name and details of agency | District for which the agency is empaneled |
|---|---|
| **Thalir Zero Waste,**<br>**Vythiri Chunfale,**<br>**Wayandu 673 123**<br><br>**<u>Kozhikode Address</u>**<br>**Thalir Zero Waste Solutions LLP,**<br>**Karamoola, Mukkam,**<br>**Karassery, Kumaranallur, Kozhikode** | **Kozhikode** |

<u>നിബന്ധനകൾ</u>

1. **<u>റിജെക്ട് മാലിന്യ സംസ്കരണം സംബന്ധിച്ച് സർക്കാരിൽ നിന്നും മറ്റൊരു നയപരമായ തീരുമാനം/ഉത്തരവ് ഉണ്ടാകുന്നതു വരെയായാരിക്കും ഈ എംപാനൽമെന്റിന്റെ കാലാവധി (പരമാവധി 2 വർഷം).</u>** ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. സേവന ദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്കു അംഗീകാരം ലഭിച്ചിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ പാടുള്ളൂ. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്. ആയതിലേക്ക് സർക്കാർ അംഗീകരിച്ച കരാർ മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
3. സേവനദാതാക്കൾ എല്ലാ മാസവും 15-ന് മുൻപായി മാലിന്യം ശേഖരിക്കുന്ന ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ, കഴിഞ്ഞ മാസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യത്തിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ, ശേഖരിച്ച അജൈവ മാലിന്യത്തിന്റെ പ്രോസസ്സിംഗ്/കോ-പ്രോസസ്സിംഗിനായി കൈമാറ്റം ചെയ്തു വിവരങ്ങൾ, ശുചിത്വ മിഷൻ നൽകിയിട്ടുള്ള ഫോർമാറ്റിൽ, ഇ-മെയിൽ മുഖാന്തിരം ലഭ്യമാകേണ്ടതും, എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതുമാണ്.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പരമാവധി തരം തിരിക്കൽ ഉറപ്പാക്കിക്കൊണ്ട്

മാത്രമേ അജൈവ മാലിന്യം ശേഖരിക്കുവാനോ സംസ്കരിക്കുവാനോ പാടുള്ളൂ. ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന തരംതിരിച്ച റി-സൈക്ലബിൾസ്, റിജെക്ട് (റിസൈക്കിൾ ചെയ്യാൻ കഴിയാത്ത സ്ക്രാപ്പ്) എന്നിവ <u>**ശുചിത്വ മിഷൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരമുള്ള പ്രോസസ്സിംഗ്/കോ-പ്രോസസ്സിംഗ് ഫെസിലിറ്റികൾക്ക് മാത്രമേ ശാസ്ത്രീയ സംസ്കരണത്തിനായി കൈമാറാൻ പാടുള്ളൂ.**</u>

5. പുനഃചംക്രമണ യോഗ്യമായതോ പുനഃചംക്രമണയോഗ്യമല്ലാത്തതോ ആയ അജൈവ മാലിന്യം ശേഖരിക്കുമ്പോൾ കൃത്യമായും ഇനംതിരിച്ച് അളവ് രേഖപ്പെടുത്തിയ ഇൻവോയ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതും, ആയതിൻ്റെ അളവ് MCF ചുമതലയുള്ള ഉദ്യോഗസ്ഥനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ടി മാലിന്യം ശേഖരിക്കുമ്പോഴും, ഗോഡൗണിൽ എത്തിക്കുമ്പോഴും, കൈമാറുമ്പോഴും, ഇനം തിരിച്ച തൂക്കം രേഖപ്പെടുത്തി ഗോഡൗണിൽ റെക്കോർഡ് സൂക്ഷിക്കേണ്ടതും, സമർപ്പിക്കേണ്ടതുമാണ്. മാസാവസാനം രേഖകൾ ശുചിത്വ മിഷൻ പരിശോധനയ്ക്കായി മാസാവസാനം രേഖകൾ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.
6. കൃത്യമായ രേഖകൾ പ്രകാരമുള്ള അളവിന് അനുസരിച്ച് മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യ സംസ്കരണത്തിനായി കരാർ പ്രകാരമുള്ള തുക വാങ്ങുവാനും പാടുള്ളൂ. രണ്ടാം തരംതിരിവിനായി ഇത്തരം മാലിന്യം ഗോഡൗണിൽ എത്തിക്കുമ്പോഴും. സിമന്റ് ഫാക്ടറിക്ക്/കോ-പ്രോസസ്സിംഗിനായി കൈമാറുമ്പോഴും, ഇനം തിരിച്ച തൂക്കം രേഖപ്പെടുത്തേണ്ടതും, ഗോഡൗണിൽ റെക്കോർഡ് സൂക്ഷിക്കേണ്ടതും, പ്രോസസ്സിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും, <u>**മാസാവസാനം ശുചിത്വ മിഷനു പരിശോധനയ്ക്കായി വിവരങ്ങൾ സമർപ്പിക്കേണ്ടതുമാണ്.**</u>
7. ശുചിത്വ മിഷനിൽ നൽകിയിട്ടുള്ള രേഖകൾ പ്രകാരമുള്ള ജി.പി.എസ് സംവിധാനമുള്ള വാഹനങ്ങൾ മുഖാന്തിരം മാത്രമേ മാലിന്യ നീക്കം നടത്തുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും ഏജൻസികൾ ശേഖരിക്കുന്ന അജൈവ മാലിന്യം കത്തിക്കുവാനോ ജലസ്രോതസ്സുകളിലേക്കോ പൊതു ഇടങ്ങളിലോ നിക്ഷേപിക്കുവാനോ പാടില്ല.
8. മാലിന്യ നീക്കത്തിന് ഉപയോഗിക്കുന്ന ജി.പി.എസ്. ഘടിപ്പിച്ച വാഹനത്തിനുള്ളിൽ ചുവടെ ചേർത്തിട്ടുള്ള രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്. a) മാനിഫെസ്റ്റ് - പാഴ്‌വസ്തുക്കൾ അയക്കുന്ന സ്ഥാപനങ്ങളുടെ മേൽവിലാസം. (ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ), ട്രാൻസ്പോർട്ടറുടെ മേൽവിലാസം (ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ), വാഹനത്തിന്റെ തരം, ഡിസ്പോസൽ ഫെസിലറ്റിയുടെ മേൽവിലാസം (ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ), മാലിന്യത്തിന്റെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
   a. മാലിന്യത്തിന്റെ തൂക്കം എന്നിവ മാനിഫെസ്റ്റിൽ.
   b. ഡിസ്പോസൽ ഫെസിലിറ്റിയിലേക്ക് എത്തിക്കുന്നതിന് ഫെസിലിറ്റിയുടെ മേൽവിലാസം

ഉൾപ്പെടുത്തിയ e-way ബിൽ, ഡെലിവറി ചെല്ലാൻ.

c. ഡിസ്പോസൽ ഫെസിലിറ്റിയിലേക്കുള്ള മാലിന്യങ്ങൾ ശേഖരിക്കുവാൻ പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി തദ്ദേശസ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ്റെ സാക്ഷ്യപത്രം ഉണ്ടാകേണ്ടതാണ്.

d. അംഗീകൃത ഏജൻസികൾ ഗോഡൗണിൽ നിന്നും മാലിന്യം, ഡിസ്പോസൽ ഫെസിലിറ്റിയിലേക്ക് കൊണ്ട് പോകുമ്പോൾ പ്രസ്തുത ഏജൻസിക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ് ഉണ്ടാകേണ്ടതാണ്.

9. ഏജൻസികൾ എംപാനൽമെന്റിനായി ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗോഡൗൺ സൗകര്യം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി റിസൈക്ലേർസുമായുള്ള കരാർ, സിമൻ്റ് ഫാക്ടറികളുമായുള്ള കരാർ, ജി.പി.എസ് സംവിധാനമുള്ള വാഹനങ്ങളുടെ കരാർ/ലീസ് എഗ്രിമെന്റുകൾ എന്നിവ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കേണ്ടതും, എംപാനൽമെന്റ് കാലാവധി തീരും വരെ ആയത് ഉറപ്പാക്കേണ്ടതുമാണ്.

10. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസെന്റ് ടു ഓപ്പറേറ്റ് പ്രകാരമല്ലാതെയുള്ള യന്ത്ര സാമഗ്രികൾ (dust/noise producing machineries) ഗോഡൗണുകളിൽ ഉപയോഗിക്കാൻ പാടില്ല.

11. ഉപയോഗിച്ച ബാറ്ററിയോ ഇ-മാലിന്യമോ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ശേഖരിച്ച് സൂക്ഷിക്കാൻ പാടില്ല.

12. അഗ്നിശമന സുരക്ഷാ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അഗ്നിശമന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്രമീകരണം ഗോഡൗണുകളിൽ ഉറപ്പുവരുത്തേണ്ടതാണ്.

13. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ, ജൈവ മാലിന്യം ശേഖരിച്ച് ഗോഡൗണിൽ സൂക്ഷിക്കുവാനോ സംസ്കരിക്കുവാനോ പാടില്ല.

14. ഡിസാസ്റ്റർ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശുചിത്വ മിഷൻ നൽകുന്ന നിർദ്ദേശങ്ങളുമായി പ്രവർത്തിക്കേണ്ടതാണ്.

15. ശുചിത്വ മിഷൻ മേൽ പ്രകാരമുള്ള വിവരങ്ങൾ പരിശോധിക്കുന്നതിലേക്ക് പതിവായി ഇൻസ്പെക്ഷൻ നടത്തുന്നതായിരിക്കും, അതുമായി ബന്ധപ്പെട്ട് ഏജൻസികൾ ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതും സഹകരിക്കേണ്ടതുമാണ്.

16. മേൽ പറഞ്ഞ വ്യവസ്ഥകളിലെ ലംഘനം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ടി ഏജൻസിക്ക് ഫൈൻ ചുമത്താവുന്നതും, അല്ലെങ്കിൽ ടി തുക ഏജൻസിക്ക് നൽകുവാനുള്ള തുകയിൽ നിന്നും പിഴ തുക/ compensation/ accidental expenses ഈടാക്കാവുന്നതുമാണ്.

17. ഏജൻസികളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം, ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

18. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾക്ക് വിരുദ്ധമായി എംപാനൽഡ് ഏജൻസി പ്രവർത്തിക്കുന്ന പക്ഷം, അല്ലെങ്കിൽ, എംപാനൽഡ് ഏജൻസിയുടെ നിരുത്തരവാദിത്വപരമായ പ്രവർത്തനങ്ങൾ മൂലം സർക്കാരിന്, പൊതുജനത്തിന് ഏതെങ്കിലും വിധേനയുള്ള കഷ്ട നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട എംപാനൽഡ് ഏജൻസി ആയതിന് ബാദ്ധ്യസ്ഥനായിരിക്കും. ആയതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരതുക പ്രവർത്തി നിർവ്വഹണ ഏജൻസിയിൽ നിന്നും ഈടാക്കുന്നതും, യാതൊരു മുന്നറിയിപ്പും കൂടാതെ ടി ഏജൻസിയെ കരിമ്പട്ടികയിൽപ്പെടുത്തി മാലിന്യ സംസ്കരണ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കുന്നതും, ടി ഏജൻസിയുടെ ശുചിത്വ മിഷൻ അംഗീകാരം റദ്ദ് ചെയ്യുന്നതും, പ്രസ്തുത ഏജൻസിക്കെതിരെ നിലവിലെ ബാധകമായ നിയമങ്ങൾ പ്രകാരം കോടതി വ്യവഹാരത്തിന് ശുചിത്വ മിഷൻ ശുപാർശ ചെയ്യുന്നതുമായിരിക്കും.
19. എംപാനൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് ശുചിത്വ മിഷന്റെ വെബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. ടി വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലിക്കുന്നതിലേക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/പ്രോസസ്സിംഗ് ഫീസ് അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.

U.V.Jose IAS (Retd)

EXECUTIVE DIRECTOR

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

# <u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്സ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വ മിഷൻ - സംസ്ഥാനത്ത് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് സ്വകാര്യ ഏജൻസികൾക്ക് അംഗീകാരം നൽകി പുറപ്പെടുവിച്ച ഉത്തരവുകളിൽ തിരുത്തൽ വരുത്തി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14-03-2024 തീയതിയിലെ ഇതേ നം. നടപടിക്രമം

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15-03-2024 തീയതിയിലെ ഇതേ നം. നടപടിക്രമം

3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20-07-2024 തീയതിയിലെ 48/C4/2024/SM നം. നടപടിക്രമം

നം: 944/C4/2024/SM തീയതി: 16.08.2024

സംസ്ഥാനത്ത് അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാക്കളായി പരാമർശം (1) പ്രകാരം 15 ഏജൻസികൾക്കും, പരാമർശം (2) പ്രകാരം 5 ഏജൻസികൾക്കും, പരാമർശം (3) പ്രകാരം ഒരു ഏജൻസിക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടവിച്ചിരുന്നു. പരാമർശം (1), (2) ഉത്തരവുകളിൽ കോളം തലക്കെട്ടായി പ്രതിപാദിച്ചിരുന്ന Districts at which agency is having godowns എന്നതും, പരാമർശം (3) ഉത്തരവിലെ Districts for which the facilities verified കോളം തലക്കെട്ടും മാറ്റി **Districts for which the agency is empanelled** എന്ന് തിരുത്ത് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശത്തിലെ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഉള്ളടക്കം : അനുബന്ധം - ഏജൻസികളുടെ പട്ടിക.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഏജൻസികൾക്കും.

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

അനുബന്ധം

| Sl. No | Name and Address of agencies | Districts for which the agency is empanelled |
|---|---|---|
| 1. | Green Tech Eco Consultancy,<br>Pranavam, Pragathi Nagar 47,<br>Kilikolloor, Kollam - 691004<br>Ph: 7012953988<br>Email: greentechkollam07@gmail.com | Kollam |
| 2. | Pandas World Eco Solutions LLP,<br>1/733 Kottara Meeyannoor P.O,<br>Kollam, Kerala - 691524<br>Ph: 8129297746<br>Email:pandasworld1996@gmail.com,<br>pandasmail2022@gmail.com | Kollam |
| 3. | Ever Green Eco Solutions (Green Life),<br>23/226A Mannanchery,<br>Kalavur, Alappuzha,<br>Ph: 9633671990<br>Email: siru87374@gmail.com | Alappuzha |
| 4. | Ekaiva Eco Solutions,<br>Nerikuzhi Building, Karikode,<br>Kottyam, Kerala<br>Ph: 9846745434<br>Email: ekaivaecosolutions@gmail.com | Kottyam |
| 5. | CeeKay Green Care Agencies<br>29/1802 A (24/1640 A), Kendriya Bhadhar Bristow Road, Willingdon Island,<br>Ernakulam - 682003, Kerala,<br>Ph: 9946733332<br>Email: ceekayscochin@gmail.com | Ernakulam |
| 6. | Baymax Waste Management Solutions,<br>12/750 Alangad, Panayikulam Kara,<br>Masjid Road, Aluva - 683511<br>Ph: 8921510152<br>Email: fasfahad13@gmail.com | Ernakulam |
| 7. | Konaris Advanced Polymers,<br>1/458, Industrial Development Plot,<br>West Hill, Kozhikode - 673005<br>Ph: 9387685396<br>Email: info@konarisindia.com | Ernakulam,<br>Wayanad,<br>Kozhikode |

| | | |
|---|---|---|
| 8. | Malabar Eco Solutions Private Limited,<br>Door No 10/10, Thottathodi,<br>Kovilakam Road, Mankada,<br>Malappuram, Kerala - 679324<br>Ph: 9539966966<br>Email: malabarecosolutions@gmail.com | Palakkad |
| 9. | Green Worms Eco Solutions LLP,<br>140 B, The Crest Building,<br>Varakkal Road, Westhill Kozhikode,<br>Kozhikode - 673005<br>Ph: 9961457464<br>Email: info@greenworms.org | Malappuram, Wayanad, Kozhikode |
| 10. | Universal Biogas,<br>20/1145A14, IInd Floor,<br>Calicut Business Cente, Kallai, Calicut - 673003<br>Ph: 9946622477, 9544106939<br>Email: officeuniversalbiogas@gmail.com | Malappuram, Kozhikode |
| 11. | Shudhi Solutions,<br>25/325 C2, Manalody, Nilambur, Malappuram<br>Ph: 9747024494<br>Email: shudhisolutions@gmail.com | Malappuram |
| 12. | Thalir Zero Waste LLP,<br>Vythiri Chundale, Wayanad-673123<br>Ph: 8848757326<br>Email: thalirzerowast@gmail.com | Wayanad |
| 13. | Thiruvonam Eco Industries Pvt Ltd,<br>5/4A Mademmakulam Road,<br>Olayambadi P.O, Kannur-670306<br>Ph: 8089059500<br>Email: thiruvonamecoindpvtltd@gmail.com | Wayanad, Kannur |
| 14. | Royal MRC,<br>Ground Floor, Prince Arcade 8/229/B,<br>Mananthavady Kalpetta Road,<br>Kalpetta, Wayanad - 673122<br>Ph: 8848974291<br>Email: royalmrc051@gmail.com | Wayanad |
| 15. | Mahyoobah Waste Management,<br>AGPW 13-898, Thekepalli Building, Thekkepuram, Athinhal,<br>Manikoth P.O, Kanghangad - 671316, Kasaragod<br>Ph: 9961855050<br>Email: mahoobahwastemanagement@gmail.com | Kasargod |

| | | |
|---|---|---|
| 16. | Plan@Earth,<br>12/457 A, U C College P.O,<br>Aluva - 683102<br>Ph: 9746474181<br>Email: info@planatearth.org | Ernakulam |
| 17. | Movenpro Enviro Solutions LLP,<br>11/314, Kakkad, Tirurangadi,<br>Malappuram<br>Ph: 9037237400<br>Email: movenpromail@gmail.com | Malappuram |
| 18. | Refto Private Limited Company,<br>Poovarani P.O, Pala,<br>Kottayam<br>Ph: 9605707171<br>Email: service.refto@gmail.com | Kottayam |
| 19. | Chris Global Traders,<br>Resource Recovery Facility,<br>Near Indoor Cricket Stadium,<br>Tiruvalla - 689101, Pathanamthitta<br>Ph: 9496002423<br>Email: chrismamatha@gmail.com | Pathanamthitta |
| 20. | Eco Green,<br>Parappur Road, Kottakkal,<br>Malappuram - 676503<br>Email: ecogreenkkl@gmail.com<br>Ph: 9400337794 | Malappuram |
| 21. | Nature Guard Plastic Waste Management, 23/500<br>C.D.E.F., Koilandy P.O,<br>Kozhikode - 673305<br>Email: shafraztvng@gmail.com<br>Ph: 8075642288, 8921951040, 9567365541 | Kozhikode |

U.V Jose IAS (Retd)
Executive Director